"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- വയനാട് ജില്ലയിലെ വൈത്തിരി കല്പറ്റ എച്ച് ഐ എം യു പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) ആയ ശ്രീമതി ലെജി ജോൺ സമർപ്പിച്ച റിവിഷൻ ഹർജി -തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.3312/2022/GEDN തീയതി,തിരുവനന്തപുരം, 01-06-2022

പരാമർശം:-
1. 02.05.1973 ലെ ജി.ഒ(എം.എസ്) നം.62/73/പൊ.വി.വ
2. 30.04.2013 ലെ ജി.ഒ(ആർ.ടി) നം. 1907/2013/പൊ.വി.വ
3. ശ്രീമതി ലെജി ജോൺ സമർപ്പിച്ച 23/09/2021 ൽ സമർപ്പിച്ച റിവിഷൻ അപ്പീൽ
4. 28/12/2021 ലെ കൽപ്പറ്റ വൈത്തിരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഡി/3940/2021 നമ്പർ കത്ത്
5. 28/02/2022 ലെയും 16/05/2022 ലെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി5/13084/2021/ഡി.ജി.ഇ നമ്പർ കത്തുകൾ

ഉത്തരവ്

വയനാട് ജില്ലയിലെ വൈത്തിരി കല്പറ്റ എച്ച് ഐ എം യു പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)അദ്ധ്യാപികയായ ശ്രീമതി ലെജി ജോണിന് 03/01/2005 മുതലുള്ള സംസ്കൃതാധ്യാപക നിയമനം ഫുൾ ടൈം ആയി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 3 പ്രകാരം സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

2. വയനാട് ജില്ലയിലെ വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കൽപ്പറ്റ എച്ച് .ഐ. എം. യു.പി.സ്കൂളിലെ സംസ്കൃത അദ്ധ്യാപകനായിരുന്ന ശ്രീ . സി. രാമൻകുട്ടി നായർ 31.03.2004 ന് വിരമിച്ച ഒഴിവിൽ ശ്രീമതി. ലെജി ജോണിനെ 26.06.2004 മുതൽ മാനേജർ ഫുൾടൈം സംസ്കൃതം അദ്ധ്യാപികയായി നിയമിച്ചിരുന്നു. എന്നാൽ 2004-05 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ ഒരു പാർട്ട് ടൈം സംസ്കൃതം തസ്തിക മാത്രമാണ് അനുവദിച്ചിരുന്നത്. ആയതിനാൽ ടിയാളുടെ നിയമനത്തിന് വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നു. പരാമർശം 1 പ്രകാരം അഞ്ച് വർഷം പൂർത്തിയാക്കിയ പാർട്ട് ടൈം തസ്തികയിലെ അദ്ധ്യാപകർക്ക് ഫുൾ ടൈം തസ്തികയിലെ ശമ്പളം അനുവദനീയമാണ്. പരാമർശം 2 ലെ ഉത്തരവ് പ്രകാരം ഗ്രൂപ്പ് സി അദ്ധ്യാപകരെ ബാധിക്കാതെ ഗ്രൂപ്പ് സി വിഷയങ്ങളിൽ നിന്നും പിരീയഡ് മാറ്റാൻ പറ്റുമെങ്കിൽ അപ്രകാരം ചെയ്ത് 2004-05 മുതൽ ഗ്രൂപ്പ് സി ആനുകൂല്യം നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. 2002-05 തസ്തിക നിർണ്ണയം പരിശോധിച്ചതിൽ സംസ്കൃതത്തിന് 12 പിരിയഡ് ആണ് അനുവദിച്ചിരിക്കുന്നത്. പ്രധാനാദ്ധ്യാപികയുടെ കത്ത് പ്രകാരം വർഷത്തിൽ സംസ്കൃതത്തിന് 12പിരിയഡുകളും ഗ്രൂപ്പ് സി യിലെ 42 പീരിയഡുകളിൽനിന്ന് 4 പിരിയഡുകളും എടുത്ത് 16 പീരിയഡ് അനുവദിച്ചതായും

പറയുന്നു. എന്നാൽ ടി വർഷത്തിലെ തസ്തിക നിർണ്ണയ അപേക്ഷയിൽ മാനേജർ ഫുൾടൈം സംസ്കൃതം തസ്തിക ഗ്രൂപ്പ് സി ഡൈവേർഷൻ വഴി ആവശ്യപ്പെട്ടിട്ടില്ല. 31.03.2004 ന് റിട്ടയർ ചെയ്ത ശ്രീ. രാമൻകുട്ടി നായർ, ഫുൾടൈംബെനിഫിറ്റിലൂടെ ആണ് നിലനിന്നിരുന്നത്. ടിയാന്റെ തസ്തിക ഗ്രൂപ്പ് സി ഡൈവേർഷൻ പ്രകാരം ഫുൾടൈം ആക്കി മാറ്റിയത് ആയിരുന്നില്ല. ഗ്രൂപ്പ് സി ഡൈവേർഷൻ പ്രകാരം തസ്തിക ഫുൾടൈം ആക്കിമാറ്റുന്നതിന് തടസ്സങ്ങൾ ഉണ്ടായിരുന്നില്ല എങ്കിലും മാനേജർ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നില്ല. ഈ സാഹചര്യത്തിൽ തസ്തിക നിർണ്ണയ ഉത്തരവിന്റെ പുനർനിർണ്ണയത്തിലൂടെ മാത്രമേ തസ്തിക അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് പരാമർശം 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. തസ്തിക പുനർനിർണ്ണയം നടത്തുന്നതിന് അനുമതി ലഭിക്കുകയാണെങ്കിൽ ശ്രീമതി ലെജി ജോണിന് ഫുൾടൈം തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുമെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ തസ്തിക നിർണ്ണയം പുനർനിർണ്ണയം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വൈത്തിരി, കൽപ്പറ്റ

ശ്രീമതി ലെജി ജോൺ, ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം), എച്ച് ഐ എം യു പി സ്കൂൾ, വൈത്തിരി , കല്പറ്റ , വയനാട്

മാനേജർ, എച്ച് ഐ എം യു പി സ്കൂൾ, വൈത്തിരി , കല്പറ്റ , വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 01-06-2022 14:16:39
സെക്ഷൻ ഓഫീസർ